MTLPS Anapdampal

2025 - 2026

# YEAR PLAN

## ആമുഖം

തലവടി ഉപജില്ലയുടെ ഭാഗമായി ആനപ്രമ്പാൽ നോർത്ത് P.O യിൽ സ്ഥിതിചെയ്യുന്ന 1901-ൽ സ്ഥാപിതമായ ആനപ്രമ്പാൽ എം.റ്റി.എൽ.പി. സ്കൂൾ പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ തന്നെ മാതൃകയായി നിലകൊള്ളുന്ന ഒരു സ്കൂളാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കി കൊണ്ട് അക്കാദമിക രംഗത്തും കലാ വിദ്യാഭ്യാസ രംഗത്തും മികവ് പുലർത്താൻ സ്കൂളിന് കഴിയുന്നുണ്ട്.

അനേകം കുട്ടികൾക്ക് ദീപമായി പ്രകാശിക്കാൻ ഈ വിദ്യാലയം അവസരം സൃഷ്ടിച്ചിട്ടുണ്ട്.

# സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല : പത്തനംതിട്ട
2. സ്കൂൾ കോഡ് : 46315
3. സ്കൂളിന്റെ പേര് : ആനപ്രമ്പാൽ മാർ തോമ എൽ.പി.എസ്
4. മേൽവിലാസം : ആനപ്രമ്പാൽ നോർത്ത് പി.ഒ. ആനപ്രമ്പാൽ
5. ഫോൺ നമ്പർ : 9847918014
6. പിൻ കോഡ് : 689572
7. ഇ.മെയിൽ അഡ്രസ്സ് : mtlps46315@gmail.com
8. ഗ്രാമ പഞ്ചായത്ത് : തലവടി
9. വിദ്യാഭ്യാസ ജില്ല : കുട്ടനാട്
10. സബ് ജില്ല : തലവടി
11. ക്ലാസ്സുകൾ : 1, 2, 3, 4
12. മാനേജ്മെന്റ് : മാനേജ്മെന്റ്
13. പഠനമാധ്യമം : മലയാളം

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്ര പോഷണ പരിപാടി
6. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം
7. പ്രതിഭാ പോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യ പാർക്ക് - ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. രക്തഗ്രൂപ്പ് നിർണ്ണയം
20. ലാബുപകരണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
21. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ

22. ഭാഷാ ലാബ്
23. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
24. ഗവേഷണാത്മക പഠനം
25. കായികശേഷി വികസനം
26. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
27. ചോദ്യപ്പേപ്പർ ശില്പശാല
28. ഐ.ടി. പഠനം - കാര്യക്ഷമമാക്കൽ
29. ജന്മദിന പുസ്തകം
30. ചിത്രരചനാ ക്യാമ്പ്
31. ശാസ്ത്ര, ഗണിതശാസ്ത്ര, പ്രവൃത്തിപരിചയ മേളകൾ
32. ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ.

# പ്രവർത്തനം - വിശദാംശങ്ങൾ

## ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

### ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കുവാനും ഉള്ള ശേഷി വികസനം. | 1) ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ്സുകൈകാര്യം ചെയ്യൽ<br>2) ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - Debate, Seminar പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ<br>3) ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി മാറിമാറി ഓരോ ക്ലാസ്സിനും ചുമതല<br>4) ഇംഗ്ലീഷിൽ ഡയറി എഴുത്ത് - ഓരോ കുട്ടിക്ക് | എല്ലാ ക്ലാസ്സിലും ആഴ്ചയിൽ ഒരു ദിവസം.<br>ഒരു വർഷത്തേക്ക് ആഴ്ചയിൽ ഒരു ദിവസം.<br>എല്ലാദിവസവും തുടർച്ചയായി. | ബന്ധപ്പെട്ട ടീച്ചർ ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ് ഇംഗ്ലീഷ് അധ്യാപകർ | |

## പ്രവർത്തനം - ഇംഗ്ലീഷ് തിയേറ്റർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസനം | ഇംഗ്ലീഷ് കഥ, കവിത രചനാ ക്യാമ്പ് ഉൽപന്നങ്ങൾ പ്രസിദ്ധീകരിക്കൽ - CPTA കാണിക്കൽ | 3 മാസത്തിൽ ഒരിക്കൽ<br>1 വർഷം | ഇംഗ്ലീഷ് ടീച്ചർ | 2000,<br>പിടിഎ,<br>പ്രാദേശിക സഹായം. |

## ഉപമേഖല - മലയാളം

### പ്രവർത്തനം 1 - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രവ്യ, നവ (പദ) ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദ നിർമ്മാണം<br>4. വാക്യ നിർമ്മാണം<br>5. ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം<br>പ്രവൃത്തി കാലം | മലയാളം ടീച്ചർ<br>SRG | PTA, Dept |
| | | | | |

## ഉപമേഖല

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക/ വിഭവം |
|---|---|---|---|---|
| 1. ചിത്ര വായന പരിപോഷിപ്പിക്കുക | പത്രവായന<br>*പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ. | 3 മാസം | വിദ്യാരംഗം ഇൻ ചാർജ് | PTA |
| | * ഓരോ ക്ലാസിനും ഓരോ പത്രം | ദിവസേന | | |
| | * രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം<br>* പത്രക്വിസ് | ആഴ്ചയിൽ ഒരു ദിവസം | മലയാളം അധ്യാപകർ | PTA |
| 2. സർഗ്ഗശേഷി വികസനം | *വായനാനുഭവം പങ്കുവെക്കൽ.<br>സാഹിത്യ ക്വിസ്.<br>രചനാ ശില്പശാല (കവിത, കഥ) | വർഷത്തിൽ 1 തവണ | SRG | PTA |
| | *കവിതാലാപന മത്സരം | മാസത്തിൽ 1 തവണ | വിദ്യാരംഗം | PTA |
| | * ക്ലാസ്‌തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ | " | വിദ്യാരംഗം SRG | |
| | * അമ്മമാർക്കു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വഴി) | ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം | PTA |

## ഉപമേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | SRG | - |

## ഉപമേഖല ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1) ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക. | ലാബ് സജ്ജീകരണം - അവധി കാലത്ത് | PTA ഗണിത ടീച്ചർ | 2,00,000/- |
| | 2) ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് ഗണിത പാർക്ക് സജ്ജീകരിക്കൽ | ജൂൺ to ജൂലായ് | PTA ഗണിത ടീച്ചർ | 2000/- PTA |
| 2 ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1) വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ 1 മാസം | ഗണിത ടീച്ചർ | PTA |
| | 2) ക്ലാസിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ 1 മാസം | ഗണിത ടീച്ചർ | |
| 3 ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിത ക്ലിനിക്ക് | 1 വർഷം | ഗണിത ടീച്ചർ, ഗണിത ക്ലബ്ബ് | |
| 4. ഗണിത പ്രശ്നങ്ങൾ - പരിഹാര മാർഗ്ഗങ്ങൾ | പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് അമൂർത്ത വസ്തുക്കളിലൂടെ ആശയം ഉറപ്പിക്കൽ | ജൂൺ | ഗണിത ടീച്ചർ | |

## ഉപമേഖല - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1. ശാസ്ത്രത്തിൽ രസകരമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം. പരീക്ഷണക്കളരി - പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | PTA |
| | 2. സ്കൂൾതല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | PTA |
| | 3. ഗവേഷണാത്മക പ്രോജക്ടുകളുടെ പഠനം, സർവ്വേ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | |
| 2) ശാസ്ത്രമേളകളിൽ ഉയർന്ന പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുക. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | PTA |
| 3 ശാസ്ത്ര ലാബ് നവീകരണം<br>ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടുള്ള ലഘു പരീക്ഷണങ്ങൾക്കുള്ള ഉപകരണങ്ങളും മറ്റ് സാമഗ്രികളും സജ്ജമാക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചർ | |
| 4 പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന | അധ്യാപകൻ - കുട്ടി<br>കുട്ടി - കുട്ടി (peer group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം | ആഴ്ചയിൽ 2 ദിവസം | SRG സയൻസ് ടീച്ചർ | |

## ഉപമേഖല - പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ, ജൈവ-പന്തലൊരുക്കൽ | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ, വള്ളിപ്പടർപ്പുകൾ വളർത്തുക. | 3 മാസം | ഇക്കോ ക്ലബ്ബ് | PTA 2000 |

## ഉപമേഖല: കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായികശേഷി വർധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിശോധിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്കെത്തിക്കൽ | എല്ലാ ദിവസവും രാവിലെയും വൈകിട്ടും അവധി ദിവസങ്ങളിലും 1 വർഷം | കായികാധ്യാപകൻ | PTA 50,000/- |
| | a) കായിക പരിശീലനം | | | |
| | b) രാവിലെയും വൈകിട്ടും ക്ലാസ് സമയത്തിന് മുൻപും പിൻപും | 1 വർഷക്കാലം | കായികാധ്യാപകൻ | |